## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5352 — 01.07.2019-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ.സുവർണ്ണ ജൂബിലി പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ എന്തൊക്കെ പുതിയ പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സുവർണ്ണ ജൂബിലിയുടെ ഭാഗമായി കെ.എസ്.എഫ്.ഇ. പ്രധാനമായും നടപ്പാക്കുന്നത് 'കെ.എസ്.എഫ്.ഇ സുവർണ്ണജൂബിലി ചിട്ടികൾ 2019' എന്ന സവിശേഷ ചിട്ടി പദ്ധതിയാണ്. നിരവധി സമ്മാനങ്ങളും ആനുകൂല്യങ്ങളും കോർത്തിണ ക്കിയ ചിട്ടി പദ്ധതിയാണിത്. |
| (ബി) | സുവർണ്ണ ജൂബിലി ആഘോഷ വുമായി ബന്ധപ്പെട്ട് എന്തെ ങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാ ക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | 15/06/2019 ന് തന്നെ സുവർണ്ണജൂബിലി ചിട്ടികൾ ആരംഭിച്ചു കഴിഞ്ഞു. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും, ജീവനക്കാരുടേയും ഇടപാടുകാരുടേയും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സുവർണ്ണ ജൂബിലി ആഘോഷങ്ങളെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ആലോചിച്ച് നടപ്പാക്കുന്നതിന് കമ്പനി ബോർഡിന്റെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്ലാനുകൾ കെ.എസ്.എഫ്.ഇ യുടെ അൻപതാം വാർഷികദിനമായ നവംബർ 6 നോട് അനുബന്ധിച്ച് പ്രഖ്യാപിക്കുവാനാണ് തീരുമാനി ച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ അമ്പത് വർഷക്കാലം കെ.എസ്.എഫ്.ഇ.യെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സഹായിച്ച സ്ഥാപനത്തിലെ ജീവനക്കാർക്ക് വേണ്ടി സുവർണ്ണ ജൂബിലിയുടെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇതു സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ